**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 570** **09-08-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള വായ്പ പരിധിയിൽ എത്ര കുറവ് വരുത്തിയെന്നും അത് പരിഹരിക്കുന്നതിനായി എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ; | (എ) | കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ചു നൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 10,81,412 കോടി രൂപയുടെ 3 ശതമാനമായ 32,442 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി. എന്നാൽ മുൻ സാമ്പത്തിക വർഷത്തെ അധിക കടമെടുപ്പ്, പൊതുകണക്കിനത്തിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം എടുത്ത തുക നാലു തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പിൽ നിന്നും കേന്ദ്രസർക്കാർ കുറച്ചുവരികയാണ്. നടപ്പ് വർഷവും 3140.70 കോടി രൂപ ഈയിനത്തിൽ കുറച്ചു. കൂടാതെ പ്രസ്തുത സ്ഥാപനങ്ങൾ 2022-23 ൽ എടുത്ത 7114.10 കോടി രൂപയും 2023-24 ൽ എടുക്കുമെന്ന് കണക്കാക്കുന്ന 2500 കോടി രൂപയും നടപ്പ് വർഷം കടമെടുപ്പിൽ കുറവ് വരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2023-24 സാമ്പത്തിക വർഷത്തിലെ ആദ്യ 9 മാസത്തേക്ക് ഓപ്പൺ മാർക്കറ്റ് ബോറോയിംഗായി 20,522 കോടി രൂപ കടമെടുക്കാൻ മാത്രമേ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് അനുമതി നൽകിയിട്ടുള്ളു.<br><br>ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് |

| | | | |
|---|---|---|---|
| | | | നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് നിർണയിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും 22.07.2022-ലെ 134/2022/ എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിയോട് അഭ്യർത്ഥിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു മുഖ്യമന്ത്രി 19-01-2023 ലെ 133/CM/2023 കത്ത് പ്രകാരം ഒരു നിവേദനം ബഹു. പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇതിനു പുറമേ 12.07.2023-ൽ സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിക്ക് അയച്ച കത്തിൽ സംസ്ഥാനത്തിന്റെ നിലവിലെ വായ്പാപരിധി 1% കൂടി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | നെല്ല് സംഭരണത്തിനുള്ള കേന്ദ്രവിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; മറ്റ് ഏതെല്ലാം മേഖലകളിലാണ് കേന്ദ്ര വിഹിതത്തിൽ കുറവു വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | നെല്ല് സംഭരണത്തിനുള്ള കേന്ദ്രവിഹിതത്തിൽ കുറവ് വന്നിട്ടില്ല. എന്നാൽ, മുൻ ധനകാര്യകമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യകമ്മീഷൻ നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ടുന്ന കേന്ദ്രനികുതി വിഹിതത്തിന്റെ ഡിവിസിബിൾ പൂളിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ നീതി ആയോഗ് നടപ്പിലാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്. 'കോർ ഓഫ് ദി കോർ' എന്നും 'കോർ' എന്നും രണ്ട് ഗണത്തിലാണ് ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിൽ 90% കേന്ദ്രവിഹിതം ലഭിക്കുന്ന ആദ്യത്തേതിൽ പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. കോർ എന്ന രണ്ടാമത്തെ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും. ഈ പദ്ധതികളുടെ 40% സംസ്ഥാനം വഹിക്കണമെന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാകുന്നത്. ഇതിനുപുറമേ കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്നപ്പോൾ ലഭിച്ചു കൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ ഇതിനകം തന്നെ നിർത്തലാക്കിയിട്ടുമുണ്ട്. |
| (സി) | കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ജി.എസ്.ടി. ഉൾപ്പെടെ വിവിധയിനങ്ങളിലായി ലഭിക്കേണ്ട കുടിശ്ശികകളുടെ വിശദാംശം തരംതിരിച്ച് വ്യക്തമാക്കുമോ? | (സി) | 2021-22 സാമ്പത്തിക വർഷത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത ഹെൽത്ത് ഗ്രാന്റിൽ 37.55 കോടി രൂപയും 2022-23 വർഷത്തേക്ക് ശിപാർശ ചെയ്ത ULB ഗ്രാന്റിൽ 51.55 കോടി രൂപയും ഹെൽത്ത് ഗ്രാന്റിനത്തിൽ 42.85 കോടി രൂപയും ഒപ്പം യുജിസി ശമ്പള പരിഷ്കരണം |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിയത് കാരണമുള്ള കുടിശ്ശികയായ 750.93 കോടി രൂപയും കേന്ദ്രസർക്കാർ ലഭ്യമാക്കേണ്ടതുണ്ട്. ജി.എസ്.ടി കമ്മീഷണറേറ്റിന്റെ പ്രൊവിഷണൽ കണക്കുകൾ പ്രകാരം ജി.എസ്.ടി നഷ്ടപരിഹാര ഇനത്തിൽ 40.66 കോടി രൂപ സംസ്ഥാനത്തിന് ഇനിയും ലഭിക്കാനുണ്ട്.<br><br>കൂടാതെ, പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറേറ്റിൽ നിന്നും ലഭ്യമായ വിവരം പ്രകാരം ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 256.05 കോടി രൂപയും പ്രധാൻമന്ത്രി ഗരീബ് കല്യൺ അന്ന യോജന, ആത്മനിർഭർ ഭാരത് പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 68.97 കോടി രൂപയും കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ